**പതിമൂന്നാം കേരള നിയമസഭ**
**നാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1970 - 22/03/2012 ൽ മറുപടിക്ക്**

**2010-11, 2011-12 വർഷങ്ങളിലെ വളർച്ചാനിരക്ക്**

**ചോദ്യം** **ഉത്തരം**

**പ്രൊഫ. സി. രവീന്ദ്രനാഥ്** **ശ്രീ. കെ.എം. മാണി**
(ധനകാര്യവും നിയമവും, ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)

| | |
|---|---|
| 2010-11, 2011-12 വർഷങ്ങളിലെ റവന്യൂ വരുമാനവും, പൊതുകട ത്തിന്റെയും, പലിശയുടെയും വളർച്ചാനിരക്കുകളും താരതമ്യപ്പെ ടുത്തി വിശദമാക്കാമോ ? | അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം 2012 ജനുവരി 31 ലെ സംസ്ഥാനത്തിന്റെ റവന്യൂവരുമാനം 28100 കോടി രൂപയാണ്. മുൻ വർഷം ഇതേ കാലയളവിൽ ഇത് 23687 കോടി രൂപയും 2010-11 സാമ്പത്തിക വർഷത്തിലെ ആകെ റവന്യൂ വരുമാനം 30990.95 കോടി രൂപയും ആയിരുന്നു. നടപ്പുവർഷം ഇതുവരെ റവന്യൂ വരുമാനം 18.63 ശതമാനം വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. 2010-11 ൽ ഇതേ കാലയളവിൽ റവന്യൂ വരുമാനത്തിലുണ്ടായ വളർച്ചാനിരക്ക് 22.41 ശതമാനമായിരുന്നു.<br><br>സംസ്ഥാനത്തിന്റെ മൊത്തം കടബാദ്ധ്യത 2011 മാർച്ച് 31 ന് 78673.23 കോടിരൂപ ആയിരുന്നത് 2012 ജനുവരി 31 ലെ കണക്ക് പ്രകാരം 85287.39 കോടി രൂപ ആയി ഉയർന്നിട്ടുണ്ട്. കടബാദ്ധ്യതയിലെ ഈ വർഷത്തെ വളർച്ചാ നിരക്ക് 8.41 ശത മാനമാണ്. 2010-11 ൽ ഇതേ കാലയളവിൽ കടബാദ്ധ്യതയിലു ണ്ടായ വളർച്ച 4.12 ശതമാനമായിരുന്നു.<br><br>നടപ്പ് സാമ്പത്തികവർഷം 2012 ജനുവരി 31 വരെ പലിശ യിനത്തിൽ സംസ്ഥാനം ചെലവാക്കിയ തുക 3894.34 കോടി രൂപയാണ്. മുൻവർഷം ഇതേ കാലയളവിൽ ഇത് 3664.74 കോടി രൂപയും 2011 മാർച്ച് 31 ലെ കണക്ക് പ്രകാരം 5689.66 കോടി രൂപയുമായിരുന്നു. മുൻവർഷം ഇതേകാലയളവിലെ കണക്കുമായി താരതമ്യം ചെയ്യുമ്പോൾ ഈയിനത്തിലെ വളർച്ചാനിരക്ക് 6.27 ശതമാനമാണ്. 2010-11 ൽ ഇതേ കാലയളവിൽ ഈയിനത്തിലുണ്ടായ വളർച്ച 8.23 ശതമാനമാ യിരുന്നു. |

സെക്ഷൻ ഓഫീസർ